**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 944** **30-06-2022 - ൽ മറുപടിയ്ക്ക്**

**എക്കോ-സെൻസിറ്റീവ് സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ എക്കോ-സെൻസിറ്റീവ് സോൺ (ESZ) പരിധി കുറച്ച് ജനങ്ങളുടെ ജീവിതത്തെ ബാധിക്കാത്ത വിധം നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് സർക്കാർ കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും പരിസ്ഥിതി വനം കാലാവസ്ഥാ മന്ത്രാലയത്തേയും സമീപിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ; | (എ) | ബഹു.സുപ്രീം കോടതിയുടെ 03-06-2022-ലെ വിധി വിലിരുത്തുന്നതിനും തുടർ നടപടികൾ ചർച്ച ചെയ്യുന്നതിനുമായി വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് അഡ്വക്കേറ്റ് ജനറലിനെ കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹു.സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.<br><br>സംരക്ഷിത മേഖലയ്ക്ക് ചുറ്റും ഒരു കി.മീ ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിനു പ്രത്യേക ഇളവ് വേണമെന്ന് കേന്ദ്ര വനം സഹമന്ത്രി ശ്രീ.അശ്വനി കുമാർ ചൗബെയോട് 18.06.2022 ന് നടന്ന ചർച്ചയിൽ കേരള വനം വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്ഥമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകന യോഗത്തിൽ കേരള വനം വകുപ്പ് ഇളവ് അഭ്യർത്ഥിച്ചത്. ജനവാസ |

| | | | |
|---|---|---|---|
| | | | മേഖലകളെ ഒഴിവാക്കി പരിഷ്കരിച്ച ശുപാർശ സംസ്ഥാനം നൽകിയിട്ടുണ്ട്. ഇത് പരിഗണിച്ച് അന്തിമ വിജ്ഞാപനം ഇറക്കേണ്ടതായിട്ടുണ്ട്. വിദഗ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശുപാർശ നൽകിയതെന്ന് വനം വകുപ്പ് ബഹു. കേന്ദ്ര വനം മന്ത്രിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ അതിർത്തി നിർണ്ണയിക്കുന്നതിന് സർവ്വെ നടപടി ആരംഭിച്ചിട്ടുണ്ടോ; സർവ്വെ നടത്തുന്നതിന് ഏതു വകുപ്പിനെയാണ് ചുമലപ്പെടുത്തിയിട്ടുള്ളത് ; വിശദവിവരം ലഭ്യമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് ജനവാസ കേന്ദ്രങ്ങളിലുള്ളവരുടെ പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് കൂടിയ ഉന്നത ഉദ്യോഗസ്ഥരുടെ യോഗ തീരുമാന പ്രകാരം, ഒരു കിലോ മീറ്റർ ESZ ൽ ഉൾഅപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>കൂടാതെ 03.06.2022 ലെ ബഹു. സുപ്രീം കോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ച് കൊണ്ട് ബഹു. സുപ്രീം കോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയേയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്ത് അയക്കുകയും ചെയ്തിട്ടുണ്ട്. ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരണവുമായി ബന്ധപ്പെട്ട് ജനവാസ കേന്ദ്രങ്ങളിൽ ഉള്ളവരിൽനിന്നും നിരവധി പരാതികൾ ലഭിച്ചിരുന്നു. പ്രസ്തുത പരാതികൾ കൂടി പരിശോധിച്ചതിനു ശേഷമാണ് നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് നൽകിയിട്ടുള്ള ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിയത്. ടി വിഷയത്തിൽ ഇനിപരാതികൾ ലഭിക്കുകയാണെങ്കിൽ അവയും തുടർ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്ന അവസരത്തിൽ പരിഗണിക്കുന്നതാണ്. |
| (സി) | പശ്ചിമഘട്ടത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ പരിസ്ഥിതിലോല മേഖല ഒരു കിലോമീറ്റർ പരിധി നിശ്ചയിക്കുന്നതിലൂടെ ജനങ്ങളുടെ ജീവിത മാർഗ്ഗങ്ങൾ തടസ്സപ്പെടുന്നത് ഉൾപ്പെടെയുള്ള പ്രയാസങ്ങൾ നേരിടുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഒരു കിലോ മീറ്റർ ESZ-ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, ജനവാസകേന്ദ്രങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 03.06.2022 ലെ ബഹു. സുപ്രീം കോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചു കൊണ്ട് ബഹു. സുപ്രീം കോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയേയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംരക്ഷിത മേഖലയ്ക്ക് ചുറ്റും ഒരു കി.മീ. ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിനു പ്രത്യേക ഇളവ് വേണമെന്ന് കേന്ദ്ര വനം മന്ത്രി ശ്രീ.അശ്വനി കുമാർ ചൗബെയോട് 18.06.2022-ന് നടന്ന ചർച്ചയിൽ കേരള വനം വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്ഥമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകന യോഗത്തിൽ കേരള വനം വകുപ്പ് ഇളവ് അഭ്യർത്ഥിച്ചത്. ജനവാസ മേഖലകളെ ഒഴിവാക്കി കരുതൽ മേഖല എന്ന പരിഷ്കരിച്ച ശുപാർശ സംസ്ഥാനം നൽകിയിട്ടുണ്ട്. ഇത് പരിഗണിച്ച് അന്തിമ വിജ്ഞാപനം ഇറക്കണം. വിദഗ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശുപാർശ നൽകിയതെന്ന് |

| | | | |
|---|---|---|---|
| | | | വനം വകുപ്പ് ബഹു. കേന്ദ്ര വനം മന്ത്രിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ